# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം 4/312/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 16/03/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (AIMS മുഖേന)
2)അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മിഷണർ (ജനറൽ ),മലപ്പുറം
3)കാര്യാലയ പകർപ്പ്.മലപ്പുറം

നമ്പർ: കെ.എസ്.എ.എം.പി.എം 4/312/2022 തീയ്യതി: 16/03/2022

## മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2019 മുതൽ 21-01-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 31-01-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. സൈമൺ. കെ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 22-01-2022 | 31-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 22-01-2022 | 31-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.പി.പി.സുഗതൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീ.രാജീവ്.സി | സെക്രട്ടറി | 01-04-2019 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ.അബ്ദുൾ ജലീൽ വല്ലാഞ്ചിറ | മെഡിക്കൽ ഓഫീസർ (സി എച്ച് സി) | 01-04-2019 | 08-04-2019 |
| ഡോ.ചാച്ചി.പി.എ | മെഡിക്കൽ ഓഫീസർ (സി എച്ച് സി) | 09-04-2019 | 31-03-2020 |
| ശ്രീ.അജീഷ് പ്രഭ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 15-09-2019 |
| ശ്രീ.വർഗ്ഗീസ്.ഇ.ഡി | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 16-09-2019 | 02-12-2019 |
| ശ്രീ.അജീഷ് പ്രഭ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 03-12-2019 | 10-12-2019 |
| ശ്രീ.നിസാറുദ്ദീൻ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 11-12-2019 | 31-03-2020 |
| ശ്രീമതി.മിനി ചിത്രംപള്ളി | പട്ടികജാതി വികസന ഓഫീസർ | 01-04-2019 | 04-11-2019 |
| ശ്രീ.അനീഷ് ജോസ് | പട്ടികജാതി വികസന ഓഫീസർ | 05-11-2019 | 31-03-2020 |
| ശ്രീ.മുരളീകൃഷ്ണൻ.സി.ആർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2019 | 25-07-2019 |
| ശ്രീ.സേതുമാധവൻ.കെ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 26-07-2019 | 31-03-2020 |
| ശ്രീ.അലി ഫൈസൽ.കെ.ടി | അസിസ്റ്റന്റ് | 01-04-2019 | 15-07-2019 |

| | | | |
|---|---|---|---|
| | എഞ്ചിനീയർ | | |
| ശ്രീ.ഫ്രാൻസിസ്.എ.ഫെർണാണ്ടസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 16-07-2019 | 21-07-2019 |
| ശ്രീ.റാസിഫ്.എം | അസിസ്റ്റന്റ് എഞ്ചിനീയർ | 22-07-2019 | 10-10-2019 |
| ശ്രീമതി.നീതു കൃഷ്ണൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 11-10-2019 | 31-03-2020 |
| ശ്രീ.വിനോദ്.പി.സി | വ്യവസായ വികസന ഓഫീസർ | 01-04-2019 | 05-03-2020 |
| ശ്രീ.ഷിഹാബുൾ അക്ബർ.സി.ടി | വ്യവസായ വികസന ഓഫീസർ | 06-03-2020 | 31-03-2020 |
| ശ്രീ.വി.അബ്ദുൾ മജീദ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.എമി പോൾ | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | 01-04-2019 | 01-07-2019 |
| ശ്രീമതി.രജനി.എം.കെ | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | 02-07-2019 | 23-07-2019 |
| ശ്രീമതി.എമി പോൾ | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | 24-07-2019 | 20-01-2020 |
| ശ്രീ.ബെന്നി സെബാസ്റ്റ്യൻ | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | 21-01-2020 | 31-03-2020 |
| ശ്രീമതി.ജയഗീത | സി.ഡി.പി.ഒ (ഇൻചാർജ്) | 01-04-2019 | 16-06-2019 |
| ശ്രീമതി.ജാസ്മിൻ.കെ | സി.ഡി.പി.ഒ | 17-06-2019 | 17-12-2019 |
| ശ്രീമതി.അർച്ചന.വി.എസ് | സി.ഡി.പി.ഒ | 18-12-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sujatha M (Auditor, On 30-01-2022)<br>Last Updated By: Sujatha M (Auditor, On 31-01-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Ramakrishnan.T (Senior Grade Auditor, On 30-01-2022)<br>Last Updated By: Simon K (Senior Deputy Director, On 18-02-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Ramakrishnan.T (Senior Grade Auditor, On 30-01-2022)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 30-01-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം (ACR പ്രകാരം)<br>Written By: Ramakrishnan.T (Senior Grade Auditor, On 30-01-2022)<br>Last Updated By: Simon K (Senior Deputy Director, On 18-02-2022) | 1-4 |
| 5 | പദ്ധതി അവലോകനം.<br>Written By: Ramakrishnan.T (Senior Grade Auditor, On 31-01-2022)<br>Last Updated By: Simon K (Senior Deputy Director, On 18-02-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Ramakrishnan.T (Senior Grade Auditor, On 31-01-2022)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 31-01-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Ramakrishnan.T (Senior Grade Auditor, On 31-01-2022)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 31-01-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Sujatha M (Auditor, On 30-01-2022)<br>Last Updated By: Sujatha M (Auditor, On 31-01-2022) | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Ramakrishnan.T (Senior Grade Auditor, On 31-01-2022)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 31-01-2022) | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Ramakrishnan.T (Senior Grade Auditor, On 01-02-2022)<br>Last Updated By: Simon K (Senior Deputy Director, On 14-03-2022) | 1-10 |
| 11 | വാർഷികകണക്ക് പരിശോധന – അപാകതകൾ<br>Written By: Ramakrishnan.T (Senior Grade Auditor, On 31-01-2022)<br>Last Updated By: Simon K (Senior Deputy Director, On 18-02-2022) | 1-11 |
| 12 | ഗ്രാന്റ് വിനിയോഗസാക്ഷ്യപത്രം<br>Written By: Ramakrishnan.T (Senior Grade Auditor, On 31-01-2022)<br>Last Updated By: Simon K (Senior Deputy Director, On 18-02-2022) | 1-11-1 |
| 13 | വരവുകൾ ഫ്രണ്ട് ഓഫീസ്/ ഇന്റഗ്രേറ്റഡ് രശീതി മുഖേന സാംഖ്യയിൽ അക്കൗണ്ട് ചെയ്യുന്നില്ല.<br>Written By: Sujatha M (Auditor, On 31-01-2022)<br>Last Updated By: Simon K (Senior Deputy Director, On 18-02-2022) | 1-12 |
| 14 | അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ - യഥാസമയം അക്കൗണ്ട് ചെയ്യുന്നില്ല.<br>Written By: Sujatha M (Auditor, On 31-01-2022)<br>Last Updated By: Simon K (Senior Deputy Director, On 18-02-2022) | 1-13 |
| 15 | കാർഷിക മേഖല - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Sujatha M (Auditor, On 31-01-2022)<br>Last Updated By: Simon K (Senior Deputy Director, On 18-02-2022) | 1-14 |
| 16 | പട്ടികജാതി വികസന ഓഫീസിലേക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ - കമ്പ്യൂട്ടർ, യു.പി.എസ്, പ്രിന്റർ എന്നിവ ലഭ്യമായതിന്റെ | 1-15 |

| | | |
|---|---|---|
| | വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.<br>Written By: Rasheed V (Senior Grade Auditor, On 31-01-2022)<br>Last Updated By: Simon K (Senior Deputy Director, On 14-03-2022) | |
| 17 | അതുല്യം (ഭിന്നശേഷിക്കാരുടെ പുനരധിവാസം)- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.<br>Written By: Rasheed V (Senior Grade Auditor, On 31-01-2022)<br>Last Updated By: Simon K (Senior Deputy Director, On 18-02-2022) | 1-16 |
| 18 | പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല.<br>Written By: T.P.Abdul Jaleel (Audit Officer, On 31-01-2022)<br>Last Updated By: Simon K (Senior Deputy Director, On 14-03-2022) | 1-17 |
| 19 | പടിഞ്ഞാട്ടിയംപാടം ST കോളനി കുടിവെള്ള പദ്ധതി, 139/20: 2864 രൂപ<br>Written By: T.P.Abdul Jaleel (Audit Officer, On 31-01-2022)<br>Last Updated By: Simon K (Senior Deputy Director, On 18-02-2022) | 1-17-1 |
| 20 | CHC ചുങ്കത്തറ ക്വാർട്ടേഴ്സ് റിപ്പയർ, 147/20:48057 രൂപ<br>Written By: T.P.Abdul Jaleel (Audit Officer, On 31-01-2022)<br>Last Updated By: Simon K (Senior Deputy Director, On 18-02-2022) | 1-17-2 |
| 21 | പാതിരിപ്പാടം ST കോളനി കുടിവെള്ള പദ്ധതി, 132/20: 14161 രൂപ<br>Written By: T.P.Abdul Jaleel (Audit Officer, On 31-01-2022)<br>Last Updated By: Simon K (Senior Deputy Director, On 18-02-2022) | 1-17-3 |
| 22 | മേലേ കാരോട് ST കോളനി കുടിവെള്ള പദ്ധതി, 130/20: 23719 രൂപ<br>Written By: T.P.Abdul Jaleel (Audit Officer, On 31-01-2022)<br>Last Updated By: Simon K (Senior Deputy Director, On 18-02-2022) | 1-17-4 |
| 23 | മരുതക്കടവ് ചെക്ക് ഡാം താഴെ മാമാങ്കര കനാൽ റിപ്പയർ 114/20: 8110 രൂപ<br>Written By: T.P.Abdul Jaleel (Audit Officer, On 31-01-2022)<br>Last Updated By: Simon K (Senior Deputy Director, On 18-02-2022) | 1-17-5 |
| 24 | ഡ്രൈനേജ് സൈഡ് വാളിന്റെ പ്ലിന്ത് ലെവൽ വരെയുള്ള കോൺക്രീറ്റിനുള്ള ഫോം വർക്കിന് അധികനിരക്ക് അനുവദിച്ചു. നഷ്ടം 22993 രൂപ.<br>Written By: T.P.Abdul Jaleel (Audit Officer, On 31-01-2022)<br>Last Updated By: Simon K (Senior Deputy Director, On 18-02-2022) | 1-18 |
| 25 | പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല<br>Written By: T.P.Abdul Jaleel (Audit Officer, On 31-01-2022)<br>Last Updated By: Simon K (Senior Deputy Director, On 14-03-2022) | 1-19 |
| 26 | ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തിയുടെ ബില്ലിൽ നിന്നും 5% കുറവ് ചെയ്തില്ല.<br>Written By: T.P.Abdul Jaleel (Audit Officer, On 31-01-2022)<br>Last Updated By: Simon K (Senior Deputy Director, On 18-02-2022) | 1-20 |
| 27 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി; കളക്ഷൻ ചാർജ് ഈടാക്കുന്നില്ല.<br>Written By: T.P.Abdul Jaleel (Audit Officer, On 31-01-2022)<br>Last Updated By: Simon K (Senior Deputy Director, On 18-02-2022) | 1-21 |
| 28 | എസ്റ്റിമേറ്റ് പ്രകാരമല്ലാത്ത ഷീറ്റ് ഉപയോഗിച്ച് പ്രവൃത്തി ചെയ്തതിന് തുക നൽകി; വിശദീകരണം ലഭ്യമാക്കേണ്ടതാണ്.<br>Written By: T.P.Abdul Jaleel (Audit Officer, On 31-01-2022)<br>Last Updated By: Simon K (Senior Deputy Director, On 19-02-2022) | 1-22 |
| 29 | പരസ്യ ചാർജിനത്തിൽ നിയമാനുസൃതം ലഭിക്കേണ്ട കിഴിവ് ലഭ്യമായില്ല<br>Written By: Ramakrishnan.T (Senior Grade Auditor, On 01-02-2022)<br>Last Updated By: Simon K (Senior Deputy Director, On 19-02-2022) | 1-23 |
| 30 | ഇ – ടെണ്ടർ ക്ഷണിക്കാതെ സ്ഥാപനത്തെ തെരഞ്ഞെടുത്തു.<br>Written By: Ramakrishnan.T (Senior Grade Auditor, On 01-02-2022)<br>Last Updated By: Simon K (Senior Deputy Director, On 14-03-2022) | 1-24 |
| 31 | ലൈഫ് ഭവന പദ്ധതി - വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്<br>Written By: Ramakrishnan.T (Senior Grade Auditor, On 01-02-2022)<br>Last Updated By: Simon K (Senior Deputy Director, On 19-02-2022) | 1-25 |

| | | |
|---|---|---|
| 32 | ചെലവു രേഖകൾ ലഭ്യമാക്കിയില്ല.<br>Written By: Ramakrishnan.T (Senior Grade Auditor, On 01-02-2022)<br>Last Updated By: Simon K (Senior Deputy Director, On 19-02-2022) | 1-26 |
| 33 | സ്റ്റോക്ക്, ഇഷ്യൂ വിവരം ലഭ്യമാക്കിയില്ല.<br>Written By: Ramakrishnan.T (Senior Grade Auditor, On 01-02-2022)<br>Last Updated By: Simon K (Senior Deputy Director, On 19-02-2022) | 1-26-1 |
| 34 | ചെലവു രേഖകൾ ലഭ്യമാക്കേണ്ടതാണ്<br>Written By: Ramakrishnan.T (Senior Grade Auditor, On 01-02-2022)<br>Last Updated By: Simon K (Senior Deputy Director, On 19-02-2022) | 1-26-2 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ഡ്രൈനേജ് സൈഡ് വാളിന്റെ പ്ലിന്ത് ലെവൽ വരെയുള്ള കോൺക്രീറ്റിനുള്ള ഫോം വർക്കിന് അധികനിരക്ക് അനുവദിച്ചു. നഷ്ടം 22993 രൂപ.<br>Written By: T.P.Abdul Jaleel (Audit Officer, On 31-01-2022)<br>Last Updated By: Simon K (Senior Deputy Director, On 19-02-2022) | 3-1 |
| 2 | ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തിയുടെ ബില്ലിൽ നിന്നും 5% കുറവ് ചെയ്തില്ല. നഷ്ടം 66099 രൂപ<br>Written By: T.P.Abdul Jaleel (Audit Officer, On 31-01-2022)<br>Last Updated By: Simon K (Senior Deputy Director, On 19-02-2022) | 3-2 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Rasheed V (Senior Grade Auditor, On 28-01-2022)<br>Last Updated By: Simon K (Senior Deputy Director, On 19-02-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.<br>Written By: Rasheed V (Senior Grade Auditor, On 28-01-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 28-01-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.<br>Written By: Rasheed V (Senior Grade Auditor, On 28-01-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 28-01-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.<br>Written By: Rasheed V (Senior Grade Auditor, On 28-01-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 28-01-2022) | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്.<br>Written By: Rasheed V (Senior Grade Auditor, On 28-01-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 28-01-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ.<br>Written By: Rasheed V (Senior Grade Auditor, On 28-01-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 28-01-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി.<br>Written By: Rasheed V (Senior Grade Auditor, On 28-01-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 28-01-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Rasheed V (Senior Grade Auditor, On 28-01-2022)<br>Last Updated By: Simon K (Senior Deputy Director, On 19-02-2022) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം.<br>Written By: Rasheed V (Senior Grade Auditor, On 28-01-2022)<br>Last Updated By: Simon K (Senior Deputy Director, On 19-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം. | 4-10 |

| | | |
|---|---|---|
| | Written By: Rasheed V (Senior Grade Auditor, On 28-01-2022)<br>Last Updated By: Simon K (Senior Deputy Director, On 14-03-2022) | |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.<br>Written By: Rasheed V (Senior Grade Auditor, On 28-01-2022)<br>Last Updated By: Simon K (Senior Deputy Director, On 14-03-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| 2019-20 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1(1) - 19.02.2019 | - |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2020 | 17.06.2020 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,84,31,784 |
| വരവ് | 4,47,38,421 |
| ആകെ | 6,31,70,205 |
| ചെലവ് | 4,88,84,067 |
| നീക്കിയിരിപ്പ് | 1,42,86,138 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 6,24,17,000 | 6,24,17,000 | 2,99,03,451 | 3,25,13,549 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1,03,61,000 | 1,03,61,000 | 20,38,151 | 83,22,849 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 64,97,000 | 64,97,000 | 29,44,940 | 35,52,060 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 81,46,000 | 81,46,000 | 40,95,307 | 40,50,693 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (യുണൈറ്റഡ് ബേസിക്) | 0 | 0 | 0 | 0 | 0 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 127 | 11,60,26,310 | 58 | 3,89,81,849 | 0 | 69 | 45.66 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-7 ക്ഷേമപദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31.01.2022 ന് 10.15 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഉണ്ടായിരുന്നില്ല.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29.12.2021 മുതൽ 19.01.2020 വരെ | 2019-20 മുതൽ 2020-2021വരെ | ലഭ്യമായിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.01.2017 മുതൽ 24.01.2017 വരെ | 2016 -2017 | 10.02.2017 |

## 1-10 ആഭ്യന്തര നിയന്ത്രണം

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) മെയിന്റനൻസ് ഫണ്ട് (റോഡിതരം) കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രോജക്റ്റുകളാണ് തയ്യാറാക്കേണ്ടത് എന്ന് സ.ഉ (കൈ)നം. 11/2018/തസ്വഭവ തീ. 29.01.2018 ൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ആയത് പാലിക്കപ്പെടുന്നില്ല. ഉദാ. കൈമാറികിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ (പ്രോജക്റ്റ് നം. 12/20)എന്ന പദ്ധതി പ്രകാരം മൂന്ന് ഡെസ്ക് ടോപ്പ്, ഒരു ലാപ്ടോപ്പ്, നാല് പ്രിന്ററർ എന്നിവ വാങ്ങി മുഴുവൻ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ ഉപയോഗിക്കുന്നു.

2)കേരള ഫിനാൻഷ്യൽ കോഡ് വാല്യം 120 മുതൽ 162 വരെയുള്ള ആർട്ടിക്കിളുകൾ സ്റ്റോർസുമായി ബന്ധപ്പെട്ടവയാണ്. ആർട്ടിക്കൾ 150 പ്രകാരം I)അസംസ്കൃത വസ്തുകൾക്കും, വിലകുറഞ്ഞ സ്റ്റോറുകൾക്കും Ii)ഓഫീസ് ഫർണ്ണീച്ചറുകൾക്കും സ്റ്റോറുകൾക്കും Iii) പുസ്തകങ്ങൾ, ഫോറങ്ങൾ, സ്റ്റേഷനറികൾ എന്നിവയ്ക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ആയത് പൂർണ്ണമായി പാലിക്കപ്പെടുന്നില്ല.

ഗവ.സർക്കുലർ 86/2010/ ഫിൻ തീ.24.09.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ്‌വെയർ, സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ആയതും പാലിക്കപ്പെടുന്നില്ല.

3) 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് പ്രകാരം, ഒരു തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയേതര ചെലവുകൾ എന്നാൽ കണ്ടിജന്റ് ചെലവുകൾ, അസാധാരണ ചെലവുകൾ, ആവർത്തന സ്വഭാവമുള്ള സേവന-ക്ഷേമ പ്രവർത്തനങ്ങൾക്കുള്ള ചെലവുകൾ (ഉദാ. തെരുവ് വിളക്കുകൾ, പൊതു കുടിവെള്ള വിതരണം, ശുചീകരണം മുതലായവ.), അടിയന്തിര പ്രവൃത്തികൾക്ക് വേണ്ടിയുള്ള ചെലവുകൾ എന്നിവയാണ്. അല്ലാത്തവ പദ്ധതി ചെലവുകളുടെ നിർവ്വചനത്തിൽ വരുന്നവയും പ്രോജക്റ്റ് തയ്യാറാക്കി മാത്രം തുക ചെലവഴിക്കേണ്ടതുമാണ്. എന്നാൽ അപ്രകാരമല്ലാതെ വളരെയധികം ചെലവുകൾ നടത്തിയിട്ടുണ്ട്. ഉദാ. സി സി ടി വി റിപ്പയർ പ്രവൃത്തിക്ക് 3,70,029 രൂപ വിനിയോഗിച്ചത്, തൊഴിലുറപ്പ് വിഭാഗത്തിന് കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങിയത്, മൊബൈൽ ആപ്ലിക്കേഷൻ വെബ്സൈറ്റ് ചെലവുകൾക്ക് 75,000 രൂപ വിനിയോഗിച്ചത് .

4) ജി.ഒ(എം.എസ്) നം.129/2011/തസ്വഭവ തീ.06.07.2011 പ്രകാരം 2011 ഏപ്രിൽ 1 മുതൽ അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗ് രീതി തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയതാണ്.

എന്നാൽ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിൽ വൗച്ചറുകളുടെ സൂക്ഷിപ്പ് നിലവിലും ചെക്ക് ഇഷ്യൂ രജിസ്റ്റർ ക്രമത്തിലാണ്. വൗച്ചറുകൾ സാംഖ്യാ പേമെന്റ് വൗച്ചറുകളുടെ ക്രമത്തിൽ സൂക്ഷിക്കുന്നില്ല. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011 പ്രകാരം പ്രതിദിനം കാഷ്ബുക്ക് സമ്മറി, ഡേബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദിനംപ്രതി ക്ലോസ് ചെയ്യേണ്ടതും അക്കൗണ്ടന്റ്, സെക്രട്ടറി എന്നിവർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് എന്ന് നിഷ്ക്കർഷിച്ചിട്ടുണ്ടെങ്കിലും ആയത് പാലിക്കുന്നില്ല.

5) പേഴ്സണൽ രജിസ്റ്റർ പരിശോധിച്ചതിൽ (രണ്ട് സെക്ഷനുകൾ ഒഴികെ) മുഴുവൻ കോളങ്ങളും പൂരിപ്പിക്കുന്നില്ല. പേഴ്സണൽ രജിസ്റ്ററിൽ തപാലുകൾ തീർപ്പാക്കിയത് രേഖപ്പെടുത്തുന്നില്ല. പേഴ്സണൽ രജിസ്റ്റർ മാസാന്ത്യ ത്രൈമാസ പരിശോധന നടത്തുന്നില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-11 വാർഷികകണക്ക് പരിശോധന – അപാകതകൾ

നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വാർഷികകണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2)പ്രത്യേക എ സി ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B- 4 ൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3)ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B- 7 ൽ രേഖപ്പെടുത്തിയ തുകയുടെ (Contractors Retention – 4,07,245) ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4)അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B- 18 ൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

5)രേഖകൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ രശീത് ആന്റ് പേമെന്റ്സ് സ്റ്റേറ്റുമെന്റ് ൽ RP-5 ൽ രേഖപ്പെടുത്തിയ വരവിനങ്ങളുടെ ആധികാരത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

6) ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം 81,336 രൂപ വരവുണ്ടെങ്കിലും (രശീതി നം. 38/02.09.19) ആയത് അക്കൗണ്ട് ചെയ്തിട്ടില്ല.

7)കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011 പ്രകാരം പ്രതിദിനം കാഷ്ബുക്ക് സമ്മറി, ഡേബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദിനംപ്രതി ക്ലോസ് ചെയ്യേണ്ടതും അക്കൗണ്ടന്റ്, സെക്രട്ടറി എന്നിവർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് എന്ന് നിഷ്ക്കർഷിച്ചിട്ടുണ്ടെങ്കിലും ആയത് പാലിക്കുന്നില്ല.

(ഓഡിറ്റ് എൻക്വയറി നം .9/2019-20/31.01.22)

## 1-11-1 ഗ്രാന്റ് വിനിയോഗസാക്ഷ്യപത്രം

ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം പരിശോധിച്ചതിൽ അപാകതകൾ ഉള്ളതായി കാണുന്നില്ല.

## 1-12 വരവുകൾ ഫ്രണ്ട് ഓഫീസ്/ ഇന്ററപ്റ്റഡ് രശീതി മുഖേന സാംഖ്യയിൽ അക്കൗണ്ട് ചെയ്യുന്നില്ല.

ഫ്രണ്ട് ഓഫീസ് നെറ്റ് കണക്ഷൻ തകരാറിലാകുമ്പോൾ മാനവൽ രസീതി മുഖേന പിരിച്ചെടുക്കുന്ന തുകൾ ഫ്രണ്ടോഫീസ് ലോഗിൻ വഴി [ഇന്ററപ്റ്റഡ് രസീതി മുഖേന] സാംഖ്യയിൽ ഉൾപ്പെടുത്തേണ്ടതും, ആയത് ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിൽ അടവാക്കേണ്ടതുമാണ് [കോൺട്രാ നൽകി]. എന്നാൽ താഴെപ്പറയുന്ന മാന്വൽ രസീതി മുഖേന പിരിച്ചെടുത്ത തുകൾ ഫ്രണ്ടോഫീസ് ലോഗിൻ വഴി [ഇൻ്ററപ്റ്റഡ് രസീതി മുഖേന] സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്ര.ന | ബുക്ക്/ രസീതി നമ്പർ/ തിയ്യതി | തുക |
|---|---|---|
| 1 | 47/41/28.11.19 | 63880 |
| 2 | 47/42/22.01.2020 | 22778 |
| 3 | 47/43/13.02.2020 | 2260 |
| 4 | 47/44/13.02.2020 | 2260 |
| 5 | 47/45/13.02.2020 | 2260 |
| 6 | 47/46/13.02.2020 | 2260 |
| 7 | 47/47/13.02.2020 | 2260 |
| 8 | 47/48/13.02.2020 | 2260 |
| 9 | 47/48/13.02.2020<br>(47/48 എന്ന നമ്പറുള്ള രണ്ട് രശീതികൾ ഉണ്ട്- ഒറിജിനൽ & ഡ്യൂപ്ലിക്കേറ്റ് അടക്കം) | 2260 |
| 10 | 47/49/27.02.2020 | 1000 |
| 11 | 47/50/27.02.2020 | 1000 |
| 12 | 47/51/27.02.2020<br>പി.കെ.മുഹമ്മദാലി-ലേലം- സി.എച്ച്.സി | 1000 |

| | | |
|---|---|---|
| | ചുങ്കത്തറ | |
| 13 | 47/51/27.02.2020<br>പി.കെ.മുഹമ്മദാലി-ലേലം- ഇന്റസ്ട്രിയൽ എസ്റ്റേറ്റ് ബിൽഡിംഗ് | 1000 |
| 14 | 47/52/27.02.2020 | 1000 |
| 15 | 47/53/05.03.2020 | 1000 |
| 16 | 47/54/05.03.2020 | 1000 |
| 17 | 47/55/10.03.2020 | 1000 |

- രശീതി പുസ്തകം എണ്ണിതിട്ടപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. 48, 51 എന്നീ നമ്പറുകളിൽ രണ്ട് രശീതുകൾ വീതമുണ്ട്. ആയത് അതേ നമ്പറിൽ ഉപയോഗിക്കുകയും ചെയ്തിട്ടുണ്ട്. ഒരേ നമ്പർ രശീതി രണ്ട് പേർക്ക് നൽകിയത് ക്രമ പ്രകാരമല്ല. കൂടാതെ 47/52 മുതൽ 47/55 വരെയുള്ള രശീതികളിൽ ഡബിൾസൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ല.
- ബ്ലോക്ക് പഞ്ചായത്തിന് വേണ്ടി പിരിച്ചെടുക്കുന്ന മുഴുവൻ തുകയും [സെക്രട്ടറി സ്റ്റാറ്റസിൽ] സാംഖ്യ മുഖേന അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം 4/19-20/ 29.01.2022 ന് മറുപടി ലഭ്യമാക്കിയില്ല)

## 1-13 അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ - യഥാസമയം അക്കൗണ്ട് ചെയ്യുന്നില്ല.

2011 ലെ കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 19, ഉപചട്ടങ്ങൾ പ്രകാരം വരവ് ചെലവ് കണക്കുകൾ അതാത് ദിവസം തന്നെ അക്കൗണ്ട് ചെയ്യണമെന്നിരിക്കെ ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടുകളിൽ നിന്നും പണം പിൻവലിക്കുന്നത് യഥാസമയം സാംഖ്യയിൽ അക്കൗണ്ട് ചെയ്യപ്പെടുന്നില്ല. അക്കൗണ്ടിൽ നിന്നും പണം പിൻവലിച്ച് ദിവസങ്ങൾക്കുശേഷമാണ് അക്കൗണ്ട് ചെയ്യപ്പെടുന്നത്. ഇത് ഒരു ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| അക്കൗണ്ട് | ചെക്ക് നമ്പർ / തിയ്യതി | അക്കൗണ്ട് ചെയ്യേണ്ട തിയ്യതി | അക്കൗണ്ടിൽ നിന്നും പണം പിൻവലിച്ച തിയതി. | അക്കൗണ്ട് ചെയ്ത തിയ്യതി |
|---|---|---|---|---|
| പഞ്ചാബ് നാഷണൽ ബാങ്ക് - 4323000100060566 | 305090/16.11.2019 | 16.11.2019 | | 29.02.2020 |
| | 305091/31.12.2019 | 31.12.2019 | | 29.02.2020 |
| | 305092/30.01.2020 | 30.01.2020 | | 29.02.2020 |
| | 305093/27.02.2020 | 27.02.2020 | | 29.02.2020 |
| TSB – Nabard 715071400000011 | 4131566/08.07.2019 | 08.07.2019 | | 29.07.2019 |
| | 4131567/26.07.2019 | 26.07.2019 | | 29.07.2019 |
| Union Bank- TSC 33990200009713 | 060103/09.03.2020 | 09.03.2020 | 10.03.2020 | 31.03.2020 |
| SMGB-SGSY Infrastructure | 016378/01.04.2019 | 01.04.2019 | | 03.04.2019 |
| | 016379/01.04.2019 | 01.04.2019 | | 03.04.2019 |
| | 016380/06.04.2019 | 06.04.2019 | | 30.04.2019 |
| | 016382/12.04.2019 | 12.04.2019 | | 30.04.2019 |
| | 016388/07.08.2019 | 07.08.2019 | 13.08.2019 | 13.08.2019 |
| | 016391/26.11.2019 | 26.11.2019 | | 06.12.2019 |
| | 016392/03.12.2019 | 03.12.2019 | | 29.02.2020 |
| | 016393/04.01.2020 | 04.01.2020 | | 29.02.2020 |

| | | | | |
|---|---|---|---|---|
| | 016394/07.01.2020 | 07.01.2020 | | 29.02.2020 |

Union Bank- TSC (A/C - 33990200009713) ന്റെ 2020 മാർച്ച് മാസത്തിലേയും, SMGB-SGSY Infrastructure (40199100112385) ന്റെ 2019 ആഗസ്റ്റ് മാസത്തിലേയും ബാങ്ക് സ്റ്റേറ്റ്മെന്റ് മാത്രമാണ് ഹാജരാക്കിയത്. മുകളിൽ പരാമർശിച്ച അക്കൗണ്ടുകളുടെ 2019-20 വർഷത്തെ ബാങ്ക് സ്റ്റേറ്റ്മെന്റുകൾ ഹാജരാക്കേണ്ടതും ചെലവുകൾ യഥാസമയം അക്കൗണ്ട് ചെയ്യാത്തതിന്റെ കാരണം വിശദമാക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം.3/19-20/29.01.2022 ന് മറുപടി ലഭ്യമാക്കിയില്ല)

## 1-14 കാർഷിക മേഖല - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| പദ്ധതി | പദ്ധതി ചെലവ് | ഗ്രാമ പഞ്ചായത്ത് | തുക |
|---|---|---|---|
| നം.95/20 : പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി അടങ്കൽ- 6,13,500/- വികസന ഫണ്ട് - ജനറൽ | 42500 | എടക്കര | 42500 |
| നം. 97/20 : നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി അടങ്കൽ- 1156153/- വികസന ഫണ്ട് - ജനറൽ | 498253/- | മൂത്തേടം | 255000 |
| | | എടക്കര | 29053 |
| | | ചുങ്കത്തറ | 5100 |
| | | വഴിക്കടവ് | 204000 |
| | | പോത്ത്കല്ല് | 5100 |
| | ആകെ | | 5,40,753 |

കൃഷി അസി.ഡയറക്ടർ 2019-20 വർഷത്തിൽ നിർവ്വഹണം നടത്തിയ മുകളിൽ പരാമർശിച്ച പദ്ധതികളുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ പദ്ധതി നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) പ്രൊജക്റ്റ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

2) പദ്ധതി ഇടപാടുകൾ TR 7A കാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

3) പദ്ധതികൾ പ്രകാരം പഞ്ചായത്തുകൾക്ക് തുക നൽകിയിട്ടുണ്ടെങ്കിലും, തുക കൈപ്പറ്റിയതിന്റെ സാംഖ്യ രസീതി ലഭ്യമാക്കിയിട്ടില്ല. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 20(1) (എ), (ബി) എന്നിവ പ്രകാരം ബാങ്ക് അക്കൗണ്ടിലേക്ക് ലഭിച്ചതടക്കവും, നിർവഹണ ഉദ്യോഗസ്ഥരിൽ നിന്ന് ലഭിച്ചതടക്കവും എല്ലാ പണം വരവുകൾക്കും ഇൻസ്ട്രുമെന്റ് ഏതെന്ന് രേഖപ്പെടുത്തി വീഴ്ച കൂടാതെ രസീതി നൽകേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരുടെ വെള്ളക്കടലാസിലെഴുതിയ കൈപ്പറ്റ് ശീട്ടുകൾ ഫയലിലുണ്ടെങ്കിലും അവ സാധുതയുള്ളതല്ല. ധനകാര്യ പത്രികയിൽ ഇത്തരം തുകകൾ വരവു വച്ചതിന് പ്രസ്തുത സ്ഥാപനങ്ങൾ നല്കിയ സാംഖ്യയിൽ നിന്നുള്ള രശീതി ഹാജരാക്കേണ്ടതാണ്.

4) പ്രൊജക്റ്റ് റിപ്പോർട്ട് പ്രകാരം തുക ഗ്രാമ പഞ്ചായത്തുകൾക്ക് നൽകുന്നതായിട്ടല്ല, നേരിട്ടുള്ള നിർവഹണമാണ്. പ്രൊജക്റ്റ് റിപ്പോർട്ടിനു വിരുദ്ധമായി ചെലവഴിച്ചതിന് വിശദീകരണം ഫയലിലില്ല.

5) 97/20 : നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി പദ്ധതി പ്രകാരം വഴിക്കടവ് ഗ്രാമ പഞ്ചായത്തിന് 204000/- രൂപയും പോത്ത്കല്ല് ഗ്രാമ പഞ്ചായത്തിന് 5100/- രൂപയും നൽകിയിട്ടുണ്ടെങ്കിലും ആയത് വിതരണം ചെയ്ത ഗുണഭോക്താക്കളുടെ ലിസ്റ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ ഇല്ല.

6) പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമല്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് .

( ഓഡിറ്റ് എൻക്വയറി നം 5/19-20/ 29.01.2022 ന് മറുപടി ലഭ്യമാക്കിയില്ല)

## 1-15 പട്ടികജാതി വികസന ഓഫീസിലേക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ - കമ്പ്യൂട്ടർ, യു.പി.എസ്, പ്രിന്റർ എന്നിവ ലഭ്യമായതിന്റെ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 91/20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | എസ്.സി.ഡി.ഒ |

| | |
|---|---|
| അടങ്കൽ തുക | 1,00,000 (MGNR) |
| ചെലവഴിച്ച തുക | 93,160/- രൂപ |
| ബിൽ നമ്പർ / തീയതി (മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം) | 19150763021401074550 തീ.13.01.2020 |

പട്ടികജാതി വികസന ഓഫീസിലേക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതി പ്രകാരം 2019-20 സാമ്പത്തിക വർഷത്തിൽ ബിൽ നമ്പർ. 19150763021401074550 തീ. 13.01.2020 പ്രകാരം 93,160/- രൂപ കെൽട്രോണിന് നൽകിയിട്ടുണ്ട്.

| | |
|---|---|
| Proforma Invoice No. TVM/ITBG/PI/RC/12984 /19-20 Dt.27.12.2019 | Desktop – Intel Processor -Medium End Ubuntu – 1 No. |
| | A3 Network MFP – Entry Level – Ubuntu – 1 No. |
| | 1 KVA UPS With 30 Minutes – 1 No. |

കമ്പ്യൂട്ടർ, യു.പി.എസ്, പ്രിന്റർ എന്നിവ ലഭ്യമായിട്ടുണ്ടെങ്കിൽ ഇൻവോയിസ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ. 08(2019-20) / 31.01.2022 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-16 അതുല്യം (ഭിന്നശേഷിക്കാരുടെ പുനരധിവാസം)- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 101/20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സി.ഡി.പി.ഒ |
| അടങ്കൽ തുക, ചെലവഴിച്ച തുക | 24,08,837/- രൂപ |
| ബിൽ നമ്പർ / തീയതി (വികസന ഫണ്ട് - ജനറൽ) | 19150763021100032383 തീ.05.04.2019 – 24,08,837/- രൂപ. |

അതുല്യം (ഭിന്നശേഷിക്കാരുടെ പുനരധിവാസം) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ശ്രവണ സഹായികൾ വാങ്ങുന്നതിനും ചുങ്കത്തറ സി.എച്ച്.സി യിൽ പ്രവർത്തിക്കുന്ന സ്പീച്ച് തെറാപ്പി സെന്ററിലേക്ക് സൗണ്ട് പ്രൂഫ് ഓഡിയോ മെടിക് റൂം സ്ഥാപിക്കുന്നതിനും ഇയർമോൾഡുകളുടെ പ്രൊസസ്സിംഗ് ചാർജ് നൽകുന്നതിനുമാണ് തുക ചെലവഴിച്ചിട്ടുള്ളത്. ഇതിൽ താഴെ പറയുന്ന ചെലവുകൾക്ക് വ്യക്തതയില്ല. ആയത് വിശദമാക്കേണ്ടതാണ്.

1). ശ്രീ.ജംഷീദ് കുറുത്തേടത്ത് എന്നവരുടെ അക്കൗണ്ടിലേക്ക് (A/c.No.0496051000000057, IFS Code.SIBL0000496) 1,11,199/- രൂപ നൽകിയിട്ടുണ്ട്. ആയതിന്റെ കാരണം വ്യക്തമല്ല.

2). All India Institute Of Speech And Hearing, Mysuru (AIISH) എന്ന സ്ഥാപനം ഇയർമോൾഡുകളുടെ പ്രൊസസ്സിംഗ് ചാർജിനത്തിൽ 16,500/- രൂപയും കൺസൾട്ടൻസി ചാർജിനത്തിൽ 78,047/- രൂപയും ലഭിച്ചതായി രശീതി നൽകിയിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനത്തിന് ബിൽ പ്രകാരം തുക കൈമാറിയതായി കാണുന്നില്ല.

3). താഴെ പറയുന്ന സ്ഥാപനങ്ങളുടെ വൗച്ചറുകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് എന്തിന് ചെലവഴിച്ചതാണെന്ന് വ്യക്തമല്ല. ആർക്കാണ് തുക നൽകിയതെന്നും വ്യക്തമല്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | തുക |
|---|---|---|
| 1 | Nishad Light & Sounds, Chungathara | 2,850/- |
| 2 | Vanilla Laser & Flex Printing, Chungathara | 650/- |
| 3 | Newton Books & Paper Mart, Chungathara | 400/- |
| 4 | Salem Marthoma Church, Chungathara | 5,000/- |
| | ആകെ | 8900/- |

4). ടെണ്ടർ പരസ്യം പ്രസിദ്ധീകരിച്ചതിന് താഴെ പറയുന്ന ദിനപത്രങ്ങളുടെ ബില്ലുകൾ ട്രഷറി ബില്ലിന്റെ കൂടെയുണ്ടെങ്കിലും ഈ ദിനപത്രങ്ങൾക്ക് തുക നൽകിയതായി കാണുന്നില്ല.

| ക്രമ നമ്പർ | ദിനപത്രത്തിന്റെ പേര് | തുക |
|---|---|---|
| 1 | ചന്ദ്രിക | 1,680/- |

| | | |
|---|---|---|
| 2 | മാധ്യമം | 5,200/- |
| 3 | സുപ്രഭാതം | 1,344/- |
| ആകെ | | 8,224/- |

5). നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 27.02.2019 തീയതിയിലെ 1/17 നമ്പർ തീരുമാന പ്രകാരം ഉപകരണ ആവശ്യകത നിർണ്ണയ ക്യാമ്പിലൂടെ കണ്ടെത്തിയ ഗുണഭോക്താക്കൾക്ക് ഇയർമോൾഡ് സപ്ലൈ ചെയ്യുന്നതിനുള്ള ക്വട്ടേഷൻ വിളിച്ചത് ഒഴിവാക്കി പകരം AIISH എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിക്കുന്നതിന് നിർദ്ദേശിച്ച് തീരുമാനിച്ചിട്ടുണ്ട്. ഇപ്രകാരം തീരുമാനമെടുത്തതിന്റെ കാരണം വ്യക്തമല്ല.

6). സബ്സിഡി മാർഗ്ഗരേഖ (സ.ഉ.(കൈ) നം.22/2018/തസ്വഭവ തീയതി. 14.02.2018) ഖണ്ഡിക 7.1.4 പ്രകാരം, ആവശ്യമായ ഉപകരണങ്ങൾ വികലാംഗ കോർപ്പറേഷനിൽ നിന്നോ ആർട്ടിഫിഷ്യൽ ലിംപ് മാനുഫാക്ചറിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ നിന്നോ മറ്റ് സർക്കാർ നിർദ്ദേശിക്കുന്ന സ്ഥാപനങ്ങളിൽ നിന്നോ വാങ്ങാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഈ സ്ഥാപനങ്ങളിൽ വാങ്ങാത്തതിന്റെ കാരണം രേഖപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവു തുക 24,08,837 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ. 21(2020-21)/31.01.2022 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-17 പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല.

നി.ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ .

(A) GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരളപൊതുമരാമത്ത് മാനുവലിലെ സെക്ഷൻ 2005, 2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാർ AE മുഖേന കരാർ കാലാവധി തീരുന്നതിന്ന് മുമ്പായി അപേക്ഷിക്കേണ്ടതും നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25 % ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്.

(B) കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാർ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1 % പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25 % വരെ (പരമാവധി 6 മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, 2 % പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികരിക്കാവുന്നതല്ല.

(C) തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-8-2018 ലെ എ സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ 3 മാസക്കാലയളവിന് 1% നിരക്കിലും തുടർന്നുള്ള ഓരോ 3 മാസത്തിനും 2% നിരക്കിലും ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുമുണ്ട്.

എന്നാൽ, താഴെ പറയുന്ന പ്രവൃത്തി കരാർ പ്രകാരമുള്ള പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാർ AE മുഖേന നൽകുകയോ കാലാവധി ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല. കരാറുകാർ ചമച്ച കരാർ പ്രകാരം പൂർത്തീകരണ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ പിഴ ഈടാക്കി മാത്രമേ പ്രവൃത്തി പൂർത്തിയാക്കാവൂ എന്ന് നിഷ്കർഷിക്കുകയും കരാറുകാർ ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ താഴെ പറയും പ്രകാരം പിഴ ഈടാക്കേണ്ടതാണ്.

ആദ്യ മൂന്ന് മാസം, PAC യുടെ 1% : (Minimum Rs.1000, Rs.maximum 50000)

അടുത്ത ഓരോ മൂന്ന് മാസം: PAC യുടെ 2% : (Minimum Rs.2000, Rs.maximum 100000)

വിശദാംശം താഴെ ഉപ ഖണ്ഡികകളായി കൊടുക്കുന്നു.

ഈ ഉപ ഖണ്ഡികകൾ പ്രകാരംആകെ 99,910 (2864 + 48056 + 17161 + 23719 + 8110) രൂപ പിഴയായി ഈടാക്കാനുണ്ട്.

ആയത് അതാത് കരാറുകാരിൽ നിന്ന് ഈടാക്കി അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 3/28-1-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പിഴയിനത്തിലുള്ള 99,910 രൂപ ഈ പ്രവൃത്തികളുടെ കരാറുകാരിൽ നിന്നോ അല്ലാത്ത പക്ഷം പ്രവൃത്തികളുടെ അവസാന ബിൽ അനുവദിച്ച അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

### 1-17-1 പടിഞ്ഞാട്ടിയംപാടം ST കോളനി കുടിവെള്ള പദ്ധതി, 139/20: 2864 രൂപ

| പദ്ധതി വിശദാംശം | ഈടാക്കേണ്ട പിഴ | ഈടാക്കിയ പിഴ | ബാക്കി |
|---|---|---|---|
| പ്രവൃത്തി: പടിഞ്ഞാട്ടിയംപാടം ST കോളനി കുടിവെള്ള പദ്ധതി, 139/20<br>അടങ്കൽ: 500000 രൂപ (TSP)<br>കരാറുകാരൻ: ശ്രീ സനീദ് റാഫി<br>കരാർ: 29/AEE/NBR/18-19/1-11.18<br>കരാർ തുക: 460295 രൂപ<br>അളവ് പുസ്തകം: 36/18-19<br>ചെലവ്: 456319രൂപ<br>ബിൽ നമ്പർ: 5/19-20/30-9-19<br>കരാർ കാലവധി: 6 മാസം<br>പൂർത്തീകരിക്കേണ്ട തീയതി: 30-4-19<br>പൂർത്തീകരിച്ച തീയതി: 25-6-19 (അളവ് പുസ്തകം പേജ് 45) | 1-5-19 To 25-6-19@ 1 %: (56 Days)<br>(56/90) X 4602.95 = 2864.05<br>Ie 2864 രൂപ | 0 | 2864 രൂപ |

## 1-17-2 CHC ചുങ്കത്തറ ക്വാർട്ടേഴ്സ് റിപ്പയർ, 147/20:48057 രൂപ

| പദ്ധതി വിശദാംശം | ഈടാക്കേണ്ട പിഴ | ഈടാക്കിയ പിഴ | ബാക്കി |
|---|---|---|---|
| പ്രവൃത്തി: CHC ചുങ്കത്തറ ക്വാർട്ടേഴ്സ് റിപ്പയർ, 147/20<br>അടങ്കൽ: 1300000 രൂപ (MGNR)<br>കരാറുകാരൻ: ശ്രീ മോയിൻകുട്ടി<br>കരാർ: 25/AEE/NBR/17-18/12-1-18<br>കരാർ തുക: 1015277 രൂപ<br>അളവ് പുസ്തകം: 22/17-18, 50/18-19<br>ചെലവ്: 993469രൂപ<br>ബിൽ നമ്പർ: 20/19-20/1-8-19: 552513 രൂപ<br>കരാർ കാലവധി: 6 മാസം<br>പൂർത്തീകരിക്കേണ്ട തീയതി: 11-7-18<br>പൂർത്തീകരിച്ച തീയതി: 30-3-19 (അളവ് പുസ്തകം പേജ് 36,22/17-18) | 12-7-18 To 11-10-18 @ 1%: 10152.77<br>12-10-18 To 11-1-19 @ 2%: 20305.54<br>12-1-19 To 30-3-19 @ 2%: (78days)<br>78/90 X 20305.54 = 17598.13<br>Total: 48056.44<br>Ie 48056 രൂപ | 0 | 48056 രൂപ |

## 1-17-3 പാതിരിപ്പാടം ST കോളനി കുടിവെള്ള പദ്ധതി, 132/20: 14161 രൂപ

| പദ്ധതി വിശദാംശം | ഈടാക്കേണ്ട പിഴ | ഈടാക്കിയ പിഴ | ബാക്കി |
|---|---|---|---|
| പാതിരിപ്പാടം ST കോളനി കുടിവെള്ള പദ്ധതി, 132/20<br>അടങ്കൽ: 500000 രൂപ (വികസനഫണ്ട്)<br>കരാറുകാരൻ: ശ്രീ ഫൈസൽ ഹക്ക് | 13-8-18 To 12-11-18 @ 1%: 4569.48<br>13-11-18 To 12-2-19 @ 2%: 9138.96<br>13-2-19 To 18-3-19 @ 2%: (34 Days) 34/90x9138.96= 3452.49<br>Total: 17160.93<br>Ie 17161 രൂപ | 0 | 17161 രൂപ |

| | | | |
|---|---|---|---|
| കരാർ: 7/AEE/NBR/18-19 /10-4-18<br>കരാർ തുക: 456948 രൂപ<br>അളവ് പുസ്തകം: 42/18-19<br>ചെലവ്: 450638രൂപ<br>ബിൽ നമ്പർ: 19/19-20/1-8-19<br>കരാർ കാലവധി: 4 മാസം<br>പൂർത്തീകരിക്കേണ്ട തീയതി: 12-8-18<br>പൂർത്തീകരിച്ച തീയതി: 18-3-19 (അളവ് പുസ്തകം പേജ് 28) | | | |

1-17-4 മേലേ കാരോട് ST കോളനി കുടിവെള്ള പദ്ധതി, 130/20: 23719 രൂപ

| പദ്ധതി വിശദാംശം | ഈടാക്കേണ്ട പിഴ | ഈടാക്കിയ പിഴ | ബാക്കി |
|---|---|---|---|
| മേലേ കാരോട് ST കോളനി കുടിവെള്ള പദ്ധതി, 130/20<br>അടങ്കൽ: 500000 രൂപ (TSP)<br>കരാറുകാരൻ: ശ്രീ മുഹമ്മത് സാലിഹ്<br>കരാർ: 26/AEE/NBR/17-18/16-1-18<br>കരാർ തുക: 448468 രൂപ<br>അളവ് പുസ്തകം: 10/18-19<br>ചെലവ്: 3161288രൂപ<br>ബിൽ നമ്പർ: 18/19-20/1-8-19<br>കരാർ കാലവധി: 6 മാസം<br>പൂർത്തീകരിക്കേണ്ട തീയതി: 15-6-18<br>പൂർത്തീകരിച്ച തീയതി: 28-3-19 (അളവ് പുസ്തകം പേജ് 32)<br>കുറിപ്പ്: 7-9-18 ന് ബോളർ കിട്ടാത്തതിനാൽ കാലാവധി നീട്ടി നൽകാൻ കരാറുകാരൻ അപേക്ഷിച്ചിട്ടുണ്ട്. എന്നാൽ AE ഇക്കാര്യത്തിൽ അഭിപ്രായം രേഖപ്പെടുത്തുകയോ ഭരണസമിതിയുടെ തീരുമാനത്തിന് വിടുകയോ ചെയ്തതായി കാണുന്നില്ല. മാത്രമല്ല, 5-12-18 ന് (A1-123/18-19 കത്ത്) കരാർ കാലാവധിക്ക് മുമ്പ് പ്രവൃത്തി പൂർത്തിയാക്കാൻ കരാറുകാരനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. | 16-6-18 To 15-9-18 @ 1%: 4484.68<br>16-9-18 To 15-12-18 @ 2%: 8969.36<br>16-12-18 To 15-3-19 @ 2%: 8969.36<br>16-3-19 To 28-3-19 @ 2%(13 Days)<br>13/90 X 8969.36 = 1295.57<br>Total: 23718.97<br>Ie 23719രൂപ | 0 | 23719 രൂപ |

1-17-5 മരുതക്കടവ് ചെക്ക് ഡാം താഴെ മാമാങ്കര കനാൽ റിപ്പയർ 114/20: 8110 രൂപ

| പദ്ധതി വിശദാംശം | ഈടാക്കേണ്ട പിഴ | ഈടാക്കിയ പിഴ | ബാക്കി |
|---|---|---|---|
| മരുതക്കടവ് ചെക്ക് ഡാം താഴെ മാമാങ്കര കനാൽ റിപ്പയർ 114/20 | 1-4-19 To 12-6-19 @ 1%: (73 Days) | 0 | 8110 രൂപ |

| | | | | |
|---|---|---|---|---|
| അടങ്കൽ: 1000000 രൂപ (വികസനഫണ്ട്)<br>കരാറുകാരൻ: ശ്രീ ശിവപ്രസാദ്<br>കരാർ: 25/AEE/NBR/18-19/1-11-18<br>കരാർ തുക: 999810 രൂപ<br>അളവ് പുസ്തകം: 48/18-19<br>ചെലവ്: 844661രൂപ<br>ബിൽ നമ്പർ: 4/19-20/30-9-19: 541346 രൂപ.<br>കരാർ കാലവധി: 5 മാസം<br>പൂർത്തീകരിക്കേണ്ട തീയതി: 31-3-19<br>പൂർത്തീകരിച്ച തീയതി: 12-6-19 (അളവ് പുസ്തകം പേജ് 24) | 73/90 X 9998.10= 8109.57<br>le 8110 രൂപ | | | |

## 1-18 ഡ്രൈനേജ് സൈഡ് വാളിന്റെ പ്ലിന്ത് ലെവൽ വരെയുള്ള കോൺക്രീറ്റിനുള്ള ഫോം വർക്കിന് അധികനിരക്ക് അനുവദിച്ചു. നഷ്ടം 22993 രൂപ.

നിർവ്വഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ
2019-20 വർഷത്തിൽ ബ്ളോക്ക് പഞ്ചായത്ത് നടപ്പാക്കിയ താഴെ പറയുന്ന ഡ്രൈനേജ് പ്രവൃത്തിയിൽ സൈഡ് വാളിന്റെ കോൺക്രീറ്റിനുള്ള സെന്ററിംഗ് പ്രവൃത്തിക്ക് DSR Code 4.3.2 പ്രകാരമുള്ള ഉയർന്ന നിരക്ക് നൽകിയതായി കാണുന്നു. യഥാർത്ഥത്തിൽ ഈ ഇനം പ്രവൃത്തി പ്ലിന്ത് ലെവൽ വരെ മാത്രമുള്ളതായതിനാൽ DSR Code 4.3.1 പ്രകാരമുള്ള നിരക്കിന് മാത്രമേ അർഹതയുള്ളൂ. മിക്ക പ്രവൃത്തികളിലും 4.3.1 പ്രകാരമുള്ള നിരക്കാണ് ഇത്തരത്തിലുള്ള പ്രവൃത്തിക്ക് നൽകിയിരിക്കുന്നത്. എന്നാൽ ആനപ്പാറ മണൽപാടം SC കോളനി സൈഡ് പ്രൊട്ടക്ഷൻ (120/20) എന്ന പ്രവൃത്തിക്ക് ഉയർന്ന നിരക്ക് അനുവദിച്ചതു വഴി അധിക ചെലവ് വന്നിട്ടുണ്ട്. വിശദാംശം ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-19 പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല

നി.ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ .

(A) GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2005, 2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാർ AE മുഖേന കരാർ കാലാവധി തീരുന്നതിന്ന് മുമ്പായി അപേക്ഷിക്കേണ്ടതും നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25 % ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്.

(B) കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാർ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1% പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25 % വരെ (പരമാവധി 6 മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, 2% പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണസമയത്തിന്റെ 50% ൽ അധികരിക്കാവുന്നതല്ല.

(C) തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-8-2018 ലെ എ സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ 3 മാസക്കാലയളവിന് 1% നിരക്കിലും തുടർന്നുള്ള ഓരോ 3 മാസത്തിനും 2% നിരക്കിലും ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുമുണ്ട്.

എന്നാൽ, താഴെ പറയുന്ന പ്രവൃത്തി കരാർ പ്രകാരമുള്ള പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാർ AE മുഖേന നൽകുകയോ കാലാവധി ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല. കരാറുകാർ ചമച്ച കരാർ പ്രകാരം പൂർത്തീകരണ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ പിഴ ഈടാക്കി മാത്രമേ പ്രവൃത്തി പൂർത്തിയാക്കാവൂ എന്ന് നിഷ്കർഷിക്കുകയും കരാറുകാർ ആയത് അംഗീകരിക്കുകയും

ചെയ്തിട്ടുണ്ട്. ആയതിനാൽ താഴെ പറയും പ്രകാരം പിഴ ഈടാക്കേണ്ടതാണ്.

ആദ്യ മൂന്ന് മാസം, PAC യുടെ 1% : (Minimum Rs.1000, Rs.maximum 50000)

അടുത്ത ഓരോ മൂന്ന് മാസം: PAC യുടെ 2% : (Minimum Rs.2000, Rs.maximum 100000)

വിശദാംശം താഴെ കൊടുക്കുന്നു.

| ക്ര നം | പദ്ധതി വിശദാംശം | ഈടാക്കേണ്ട പിഴ | ഈടാക്കിയ പിഴ | ബാക്കി |
|---|---|---|---|---|
| 1 | പ്രവൃത്തി: കുടുംബശ്രീ അയൽക്കൂട്ടത്തിന് വ്യവസായ എസ്റ്റേറ്റ് നിർമാണം 102/20<br>അടങ്കൽ: 2177200 രൂപ (വികസനഫണ്ട്)<br>കരാറുകാരൻ: ശ്രീ നജീബ്<br>കരാർ: 6/AEE/NBR/17-18/17-1-18<br>കരാർ തുക: 1601759 രൂപ<br>അളവ് പുസ്തകം: NIL/17-18, 40/18-19<br>ചെലവ്: 1572495രൂപ<br>ബിൽ നമ്പർ: 1/19-20/15-5-19: 397884 രൂപ<br>കരാർ കാലവധി: 12 മാസം<br>പൂർത്തീകരിക്കേണ്ട തീയതി: 16-1-19<br>പൂർത്തീകരിച്ച തീയതി: 20-3-19 (അളവ് പുസ്തകം പേജ് 2, 40/18-19) | 17-1-19 To 20-3-19@ 1 %: (63 Days)<br>63/90 X 1601759 = 11212.31<br>ie 11212 രൂപ | 0 | 11212 രൂപ |

മേൽ പ്രകാരമുള്ള പിഴ 11212 രൂപ മേൽ പ്രവൃത്തിയുടെ കരാറുകാരനിൽ നിന്ന് ഈടാക്കി അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 4/28-1-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പിഴയിനത്തിലുള്ള 11212 രൂപ ഈ പ്രവൃത്തിയുടെ കരാറുകാരനിൽ നിന്നോ അല്ലാത്ത പക്ഷം പ്രവൃത്തിയുടെ അവസാന ബിൽ അനുവദിച്ച അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 1-20 ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തിയുടെ ബില്ലിൽ നിന്നും 5% കുറവ് ചെയ്തില്ല.

ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തിയുടെ ബില്ലിൽ നിന്നും 5% കുറവ് ചെയ്തില്ല.

ജി.ഒ (പി)30/2016 ഫിൻ തീ. 29.02.2016 പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ് നൽകാമെന്നും, ആവശ്യമായ നികുതികൾ ഗുണഭോക്തൃ സമിതികളിൽ നിന്നും ഈടാക്കണമെന്നും ഉത്തരവായിട്ടുള്ളതാണ്. PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ 7.5% ഓവർഹെഡ് ചാർജ് ഉൾപ്പെട്ടിട്ടുണ്ട്. 01.07.2017 മുതൽ GST നിലവിൽ വന്നിട്ടുള്ളതിലാൽ 5% VAT ഈടാക്കേണ്ടതില്ലെന്നും 5% തുക കുറവ് ചെയ്തതിനു ശേഷം തുക അനുവദിച്ചാൽ മതിയെന്നും കേരള തദ്ദേശ സ്വയംഭരണ

വകുപ്പ് ചീഫ് എഞ്ചിനീയർ കേരള തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അയച്ച നം.ഡിബി3-9058/17/സിഇ/തസ്വഭവ തീ.16.03.2018 കത്തിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. 2020-21 വർഷത്തിൽ ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രവൃത്തികളിൽ നിന്നും മേൽ സൂചിപ്പിച്ച പ്രകാരം 5% തുക ബില്ലിൽ നിന്നും കുറവ് ചെയ്യാതെ തുക അനുവദിച്ചതായി കാണുന്നു. മാത്രമല്ല, IT 2% നിരക്കിലും WF 1 % നിരക്കിലും കുറവ് ചെയ്യേണ്ടതിന് പകരം 0.1 % നിരക്കിലാണ് കുറവ് ചെയ്തിട്ടുള്ളത്. കൂടാതെ, 250000 മുകളിലുള്ള ബിൽ തുകക്ക് 2 % TDS ഈടാക്കണമെന്ന നിർദ്ദേശവും പാലിച്ചിട്ടില്ല.

അധികം നൽകിയ 126250 രൂപ കൺവീനറിൽ നിന്നീടാക്കേണ്ടതും ആയത് അതാത് ഫണ്ടുകളിൽ അടവാക്കുകയും ചെയ്യേണ്ടതാണണെന്നാവശ്യപ്പെട്ട് നൽകിയ 1/28-1-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിലുള്ള നഷ്ടം 126250 രൂപ ഈ പ്രവൃത്തിയുടെ കൺവീനറിൽ നിന്നോ അല്ലാത്ത പക്ഷം പ്രവൃത്തിയുടെ അവസാന ബിൽ അനുവദിച്ച അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

വിശദവിവരം ഖണ്ഡിക 3-2 ൽ ചേർത്തിട്ടുണ്ട്.

## 1-21 നിർമ്മാണ തൊഴിലാളി ക്ഷേമനിധി; കളക്ഷൻ ചാർജ് ഈടാക്കുന്നില്ല.

1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം വകുപ്പ് 3(3) പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. 2019-20 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹിച്ച എല്ലാ മരാമത്ത് പ്രൊജക്ടുകളുടെ ബില്ലുകളിൽ നിന്നും KCWWF വിഹിതം അടവാക്കിയിട്ടുണ്ടെങ്കിലും ആയതിന്റെ 1% നിരക്കിൽ കളക്ഷൻ ചാർജ് കുറവ് ചെയ്തിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ ബ്ളോക്ക് പഞ്ചായത്തിന് ലഭ്യമാകുമായിരുന്ന വരുമാനം നഷ്ടമായിട്ടുണ്ട്. 1% നിരക്കിൽ കളക്ഷൻ ചാർജ് കുറവ് ചെയ്യാത്തത് വിശദമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 2/28-1-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-22 എസ്റ്റിമേറ്റ് പ്രകാരമല്ലാത്ത ഷീറ്റ് ഉപയോഗിച്ച് പ്രവൃത്തി ചെയ്തതിന് തുക നൽകി; വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

നിർവ്വഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയ ർ

പ്രവൃത്തി: CHC ചുങ്കത്തറ ക്വാർട്ടേഴ്സ് റിപ്പയർ, 147/20

അടങ്കൽ: 1300000 രൂപ (MGNR)

കരാറുകാരൻ: ശ്രീ മോയിൻകുട്ടി

കരാർ: 25/AEE/NBR/17-18/12-1-18

കരാർ തുക: 1015277 രൂപ

അളവ് പുസ്തകം: 22/17-18, 50/18-19

ചെലവ്: 993469രൂപ

ബിൽ നമ്പർ: 2/18-19/29-5-18: 440956 രൂപ

ബിൽ നമ്പർ: 20/19-20/1-8-19: 552513 രൂപ

ഇനം (3) പ്രകാരം 262.68 M2 വിസ്തീർണ്ണത്തിൽ 0.63 Mm, Corrugate G S Sheet മേഞ്ഞതിന് 710/m2 (എസ്റ്റിമേറ്റ് നിരക്ക്- 961.50/m2) നിരക്കിൽ 186502.80 രൂപ നൽകിയിട്ടുണ്ട്. എന്നാൽ, 29-1-2022ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ, കനം രേഖപ്പെടുത്താത്ത, 600 MPA എന്ന് രേഖപ്പെടുത്തിയ G I Sheet ഉപയോഗിച്ചാണ് മേഞ്ഞിട്ടുള്ളത് എന്ന് വ്യക്തമായി. മേഞ്ഞ ഷീറ്റിന്റെ ചില ഭാഗങ്ങളിൽ ചുളിവ് വന്നതായും കാണുന്നുണ്ട്.

GO(P) 13/2012/PWD/01-01-2012 പ്രകാരമുള്ള കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2211.2 പ്രകാരം അംഗീകൃത സ്പെസിഫിക്കേഷൻ പ്രകാരമുള്ള അളവ് മാത്രമേ രേഖപ്പെടുത്താൻ പാടുള്ളൂ എന്നും ഗുണനിലവാരം കുറഞ്ഞവ രേഖപ്പെടുത്താൻ പാടില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നിട്ടും, എസ്റ്റിമേറ്റ് പ്രകാരമല്ലാത്തതും എസ്റ്റിമേറ്റ് പ്രകാരമുള്ള നിലവാരമില്ലാത്തതുമായ ഷീറ്റ് ഉപയോഗിച്ച് നടത്തിയ പ്രവൃത്തി അംഗീകരിക്കുകയും ആയതിന് ഉയർന്ന നിരക്ക് നൽകുകയും ചെയ്തതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 15/31-1-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഇക്കാര്യത്തിൽ തുടർപരിശോധന നടത്തി അപാകത

പരിഹരിച്ച് അറിയിക്കേണ്ടതാണ്. ആയത് വരെ ഈയിനത്തിലെ ചെലവ് തുക 186502 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-23 പരസ്യ ചാർജിനത്തിൽ നിയമാനുസൃതം ലഭിക്കേണ്ട കിഴിവ് ലഭ്യമായില്ല

2019-20 വർഷത്തിൽ താഴെ പറയും പ്രകാരം വിവിധ പരസ്യങ്ങൾ ദിനപത്രങ്ങൾ മുഖേന നൽകിയതിന് തനത്ഫണ്ടിൽ നിന്നും സെക്രട്ടറി മുഖേന തുക നൽകിയിട്ടുണ്ട്.

| ക്രമ നം. | ചെക്ക്നം./തീയ്യതി | നൽകിയ തുക | ചെലവിന്റെ വിവരം |
|---|---|---|---|
| 1 | 2065411/17.01.2020 (ജനറൽ പർപ്പസ് ഫണ്ട്) | 8568 | പരസ്യ ചാർജിനത്തിൽ മാതൃഭൂമി ദിനപത്രത്തിന് നൽകിയ തുക<br>ആർ. ഒ. നം.321000081279/26.10.19 |
| 2 | 2065446/18.03.2020 (ജനറൽ പർപ്പസ് ഫണ്ട്) | 53,891 ൽ 4662 | മാതൃഭൂമി ദിനപത്രത്തിൽ പരസ്യം നൽകിയതിന് പരസ്യചാർജ്ജിനത്തിൽ നൽകിയ തുക<br>ആർ. ഒ. നം.321000124711/12.02.20 |
| 3 | ബിൽ നം.5/19-20 /20.05.2019 | 32,256 ൽ | പ്രോജക്റ്റ് നം. 105/20 പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് പദ്ധതി പ്രകാരം വിവിധ ടെണ്ടർ പരസ്യങ്ങൾക്ക് മാതൃഭൂമി ദിനപത്രത്തിന് പരസ്യചാർജ്ജിനത്തിൽ നൽകിയ തുക |
| I | | 6048 | ആർ. ഒ. നം.321000150244/03.03.2019 |
| Ii | | 8064 | ആർ. ഒ. നം.321000151342/07.03.2019 |
| Iii | | 6048 | ആർ. ഒ. നം.321000135748/31.01.2019 |
| Iv | | 6048 | ആർ. ഒ. നം.321000145348/22.02.2019 |
| V | | 6048 | ആർ. ഒ. നം.321000144326/19.02.2019 |

ജി.ഒ.(ആർ.ടി)1/2011/പി&എ.ആർ.ഡി തീ.4-1-2011 പ്രകാരം പരസ്യങ്ങൾ പി&എ.ആർ.ഡി മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൗണ്ട് അനുവദിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ടി ബില്ലുകൾ പ്രകാരം നിയമാനുസൃതം ലഭിക്കേണ്ട കിഴിവ് കറവ് ചെയ്യാതെ മാധ്യമ സ്ഥാപനം സമർപ്പിച്ച മുഴവൻ ബിൽ തുകയും അനുവദിച്ച നൽകുകയാണുണ്ടായത്. അപാകതയ്ക്ക് കാരണം വ്യക്തമാക്കേണ്ടതും നിയമാനുസൃത കിഴവ് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം.10/2019-20 /31.01.22)

## 1-24 ഇ – ടെണ്ടർ ക്ഷണിക്കാതെ സ്ഥാപനത്തെ തെരഞ്ഞെടുത്തു.

ജി ഒ (പി ) നം. 524/2015/ ധനം തീയ്യതി 17.11.2015 പ്രകാരം 5,00,000 രൂപയും അതിനു മുകളിലുമുള്ള എല്ലാ പ്രവൃത്തികളും ഇ- ടെണ്ടർ മുഖേനയായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളുടെ കാര്യത്തിൽ ആയത് പാലിച്ചിട്ടില്ല.

1) പ്രോജക്റ്റ് നം. 106/20

മാലിന്യമുക്ത ചാലിയാർ (സ്പിൽ ഓവർ)

അടങ്കൽ തുക/വിനിയോഗിച്ച തുക – 16,49,018 രൂപ (പ്ലാൻ: ജനറൽ)

ബിൽ നം. 6/2019-20/ 20.05.2019 – 42,300 രൂപ

ബിൽ നം. 3/2019-20/20.05.2019 – 16,06,718 രൂപ

2)പ്രോജക്റ്റ് നം. 99/20

മാലിന്യമുക്ത ചാലിയാർ (സ്പിൽ ഓവർ)

അടങ്കൽ തുക/വിനിയോഗിച്ച തുക – 7,89,954 രൂപ

ബിൽ നം. 4/2019-20/ 16.05.2019 – 4,93,282രൂപ

ബിൽ നം. 2/2019-20/ 16.05.2019 – 2,96,672രൂപ

മേൽ പദ്ധതികൾ ഒറ്റ ടെണ്ടർ മുഖേനയാണ് നടത്തിയിട്ടുള്ളത്. മാലിന്യമുക്ത ചാലിയാർ പദ്ധതിയിൽ ഉൾപ്പെടുത്തി കാവുങ്ങൾ ട്രേഡേഴ്സ്, തിരുവന്നൂർ, കോഴിക്കോട് എന്ന സ്ഥാപനത്തിനിൽ നിന്നും 19,03,390 (16,06,718+2,96,672) രൂപയുടെ വാങ്ങലുകൾ നടത്തിയിട്ടുണ്ടെങ്കിലും ഇ- ടെണ്ടർ മുഖേനയല്ല സ്ഥാപനത്തെ തെരഞ്ഞെടുത്തിട്ടുള്ളത്. അപാകതകയ്ക്ക് കാരണം വ്യക്തമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 12/2019-20/31.01.2022)

## 1-25 ലൈഫ് ഭവന പദ്ധതി - വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്

2019-20 വർഷത്തിൽ താഴെ പറയും പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് ലൈഫ് ഭവന പദ്ധതിക്കായി സെക്രട്ടറി മുഖേന ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകിയിട്ടുള്ളതായി രേഖകൾ പരിശോധിച്ചതിൽ വ്യക്തമായി.

1) പ്രോജക്റ്റ് നം. 6/20

ലൈഫ്മിഷൻ (ജനറൽ)

അടങ്കൽ തുക/വിനിയോഗിച്ച തുക- 1,25,36,400 രൂപ (പ്ലാൻഫണ്ട് -ജനറൽ)

താഴെ പറയും പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകുകയും, ഗ്രാമപഞ്ചായത്തുകൾ അവരുടെ പരിധിയിലുള്ള ട്രഷറികൾ മുഖേന പണം പിൻവലിക്കുകയുമാണ് ചെയ്തിട്ടുള്ളത്.

| ഗ്രാമപഞ്ചായത്ത് | അനുവദിച്ച തുക |
|---|---|
| ചാലിയാർ | 9,90,000 |
| ചുങ്കത്തറ | 33,58,000 |
| എടക്കര | 20,16,000 |
| മൂത്തേടം | 6,40,000 |
| വഴിക്കടവ് | 55,32,400 |
| ആകെ | 1,25,36,400 |

2)പ്രോജക്റ്റ് നം. 7/20

ലൈഫ്മിഷൻ (എസ് സി പി )
അടങ്കൽ തുക – 20,43,000 രൂപ

വിനിയോഗിച്ച തുക- 64,000 രൂപ (പ്ലാൻഫണ്ട് -എസ് സി പി )

പ്രസ്തുത തുക മൂത്തേടം ഗ്രാമപഞ്ചായത്തിന് അനുവദിച്ചിട്ടുള്ളതും അവരുടെ പരിധിയിലുള്ള ട്രഷറി മുഖേന പണം പിൻവലിക്കുകയുമാണ് ചെയ്തിട്ടുള്ളത്.

3)പ്രോജക്റ്റ് നം. 8/20

ലൈഫ്മിഷൻ (ടി എസ് പി )
അടങ്കൽ തുക – 12,75,800 രൂപ

വിനിയോഗിച്ച തുക- 1,37,000 രൂപ (പ്ലാൻഫണ്ട് - ടി എസ് പി )

മേൽ പദ്ധതികൾ പരിശോധിച്ചതിൽ, തുക ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയതിന് ആധാരമായ രേഖകൾ ഒന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ഗ്രാമപഞ്ചായത്തുകൾ തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണെങ്കിലും ആയതും ലഭ്യമായിട്ടില്ല. ലൈഫ്മിഷൻ (ടി എസ് പി) പദ്ധതി പ്രകാരം 1,37,000 രൂപ (പ്ലാൻഫണ്ട് - ടി എസ് പി ) ആർക്കാണ് നൽകിയിട്ടുള്ളത് എന്നതു സംബന്ധിച്ച വിവരവും ഫയലിൽ ഇല്ല. രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.13/2019-20/31.01.22)

## 1-26 ചെലവു രേഖകൾ ലഭ്യമാക്കിയില്ല.

2019-20 ൽ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും സെക്രട്ടറി നടത്തിയ താഴെ പറയുന്ന ചെലവുകൾക്ക് ആധാരമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ചെലവു തുക 5,43,128 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-26-1 സ്റ്റോക്ക്, ഇഷ്യൂ വിവരം ലഭ്യമാക്കിയില്ല.

| ചെക്ക് നം. /തീയ്യതി | ചെലവഴിച്ച തുക | ചെലവിന്റെ വിശദ വിവരം | റിമാർക്ക്സ് |
|---|---|---|---|
| 2065449/ 20.03.2020 | 23,685 | ഗ്രാമലക്ഷ്മി മുദ്രാലയം കഞ്ചിക്കോട് നിന്നും രജിസ്റ്ററുകളും ഫോറങ്ങളും വാങ്ങിയതിന് വിനിയോഗിച്ച തുക | ചെലവുരേഖകൾ, സ്റ്റോക്ക്, ഇഷ്യൂ വിവരങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ്. |
| 2065420/ 31.01.2020 | 54,855 | തൊഴിലുറപ്പ് വിഭാഗത്തിന് മൾട്ടി ഫംഗ്ഷൻ പ്രിന്റർ, കമ്പ്യൂട്ടർ (വിൻഡോസ് 10 പ്രോഫ് ) എന്നിവ വാങ്ങിയതിന് നൽകിയ തുക | സ്റ്റോക്ക്, ഇഷ്യൂ വിവരങ്ങൾ |

## 1-26-2 ചെലവു രേഖകൾ ലഭ്യമാക്കേണ്ടതാണ്

| ചെക്ക് നം./ തീയ്യതി | ചെലവഴിച്ച തുക | ചെലവിന്റെ വിവശദവിവരം | റിമാർക്ക്സ് |
|---|---|---|---|
| 2065450/ 20.03.2020 | 23,273 | മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി കരാർ ജിവനക്കാർക്ക് ലീവ് സറണ്ടർ നൽകിയ ഇനത്തിൽ ചെലവഴിച്ച തുക | ചെലവുരേഖകൾ ലഭ്യമാക്കേണ്ടതാണ്. |
| 1657595/20.12.19 | 1,28,333 | ശ്രീ. അഭിലാഷ് ടോപ്പോ എന്നവർക്ക് മാലിന്യമുക്ത ചാലിയാർ (പ്രോജക്റ്റ് നം. 106/21) പദ്ധതിയുടെ ഭാഗമായി നൽകിയ തുക | ചെലവു രേഖകൾ കൂടാതെ പദ്ധതി അടങ്കലിനു വിരുദ്ധമായി തുക ചെലവഴിച്ചതിന് കാരണം. |

| | | | |
|---|---|---|---|
| 2065406/ 10.01.2020 | 1,29,083 | ഐ എസ് ഒ സർട്ടിഫിക്കേഷൻ നിർവ്വഹണ ചെലവുകൾ | ചെലവു രേഖകൾ |
| 2065433/ 25.02.20 | 33,889 | കുന്നത്ത്ചാൽ കുടിവെള്ളപദ്ധതി -പാർട്ട് ബിൽ റീടെൻഷൻ തുക നൽകിയത് (ദിനീഷ് കെ ക്ക് ) | വർക്ക് ബില്ലിന്റെ കോപ്പി, ചെലവു രേഖകൾ |
| 2065458/ 30.03.2020 | 75,000 | മാലിന്യമുക്ത ചാലിയാർ പദ്ധതിയ്ക്കായി മൊബൈൽ ആപ്ലിക്കേഷൻ വെബ്സൈറ്റ് തയ്യാറാക്കുന്നതിന് മഹാത്മാഗാന്ധി യൂനിവേഴ്സിറ്റിക്ക് മുൻകൂർ നൽകിയ തുക | പദ്ധതിക്കായി ക്വട്ടേഷൻ ക്ഷണിച്ചതിന്റെയും, സ്ഥാപനവുമായി ഉടമ്പടിവെച്ചതിന്റെയും, വെബ്സൈറ്റ് തയ്യാറാക്കിയതിന്റെയും വിവരം |
| 2065198/21.11.19 | 75,000 | കേരളോൽസവം അഡ്വാൻസ് നൽകിയ തുക | ആർക്ക് നൽകിയെന്ന് വ്യക്തമല്ല. കേരളോൽസവം നടത്തിയതിന്റെ വിവരവും ലഭ്യമായിട്ടില്ല. |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഡ്രൈനേജ് സൈഡ് വാളിന്റെ പ്ലിന്ത് ലെവൽ വരെയുള്ള കോൺക്രീറ്റിനുള്ള ഫോം വർക്കിന് അധികനിരക്ക് അനുവദിച്ചു. നഷ്ടം 22993 രൂപ.

നിർവ്വഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

2019-20 വർഷത്തിൽ ബ്ളോക്ക് പഞ്ചായത്ത് നടപ്പാക്കിയ താഴെ പറയുന്ന ഡ്രൈനേജ് പ്രവൃത്തിയിൽ സൈഡ് വാളിന്റെ കോൺക്രീറ്റിനുള്ള സെന്ററിംഗ് പ്രവൃത്തിക്ക് DSR Code 4.3.2 പ്രകാരമുള്ള ഉയർന്ന നിരക്ക് നൽകിയതായി കാണുന്നു. യഥാർത്ഥത്തിൽ ഈ ഇനം പ്രവൃത്തി പ്ലിന്ത് ലെവൽ വരെ മാത്രമുള്ളതായതിനാൽ DSR Code 4.3.1 പ്രകാരമുള്ള നിരക്കിന് മാത്രമേ അർഹതയുള്ളൂ. ഇത്തരത്തിലുള്ള മിക്ക പ്രവൃത്തികളിലും 4.3.1 പ്രകാരമുള്ള നിരക്കാണ് നൽകിയിരിക്കുന്നത്. എന്നാൽ താഴെ പറയുന്ന പ്രവൃത്തിക്ക് ഉയർന്ന നിരക്ക് അനുവദിച്ചു മൂലം വന്ന അധിക ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

പ്രവൃത്തി: ആനപ്പാറ മണൽപാടം SC കോളനി സൈഡ് പ്രൊട്ടക്ഷൻ , 120/20.

ഡ്രൈനേജ്/കൾവർട്ടിനായി ഇനം (1) പ്രകാരം 0.70 M ആഴത്തിൽ മണ്ണ് കിളച്ച് മാറ്റുകയും (അളവ് പുസ്തകം പേജ് 1) ഇനം (4) പ്രകാരം 0.10/.15 M കനത്തിൽ ബെഡ് കോൺക്രീറ്റ് ചെയ്യുകയും(അളവ് പുസ്തകം പേജ് 2) ഇനം (E1) പ്രകാരം 0.60 M ഉയരത്തിൽ സൈഡ് വാൾ കോൺക്രീറ്റിനായി ഫോം വർക്ക് (അളവ് പുസ്തകം പേജ് 3) ചെയ്യുകയുമുണ്ടായി. പ്ലിന്ത് ലെവൽ വരെയാണ് കോൺക്രീറ്റ് ചെയ്തതെന്ന് ഇതിൽ നിന്ന് വ്യക്തമാണ്

വിശദവിവരം:

| പദ്ധതി വിശദാംശം | എസ്റ്റിമേറ്റ് ഇനം/ചെയ്ത അളവ് | അനുവദിക്കാവുന്നത് DSR(2016) 4.3.1 @37.25% Cost Index | അനുവദിച്ചത് DSR (2014)5.9.2 @37.25% Cost Index | അധികം |
|---|---|---|---|---|
| അടങ്കൽ:500000രൂപ (വികസന ഫണ്ട്-G)<br>കരാറുകാരൻ: ശ്രീ വർഗ്ഗീസ് യു ഒ<br>കരാർ: 40/AE/NBR /18-19/9-11-18 (28.73% Below ER)<br>അളവ് പുസ്തകം: 35/18-19 TS:LSGD/TS/2018-19 /111350/23-8-18<br>ചെലവ്: 344788 രൂപ<br>ട്രഷറി ബിൽ നംപർ 55/18-19/28-3-19: Rs 317094<br>ട്രഷറി ബിൽ നമ്പർ 2/19-20/30-9-19: Rs 27694 | ഡ്രൈനേജ്/കൾവർട്ട് സൈഡ്വാൾ കോൺക്രീറ്റിന് ഫോം വർക്ക് (എസ്റ്റിമേറ്റ് ഇനം(E1)<br>129.00 M2 | @ 192.15/M2<br>(269.62 – 28.73%)<br>= 24787.35 | @ 370.39/$M^2$<br>(519.63-28.73%)<br>=47780.31 | 22993 രൂപ (Rounded) |

ഉയർന്ന നിരക്ക് അനുവദിച്ചത് വഴി കരാറുകാരന് അധികം നൽകിയ 22993/-രൂപ ഈടാക്കി അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 14/31-1-22 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അധികം നൽകിയ 22993 രൂപ ഈ പ്രവൃത്തിയുടെ കരാറുകാരനിൽ നിന്നോ അല്ലാത്ത പക്ഷം പ്രവൃത്തിയുടെ അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും [അളവെടുത്ത തീയതി: 21-2-19, അളവ് പുസ്തകം പേജ് (3)] എസ്റ്റിമേറ്റിന് അംഗീകാരം നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായോ ഈടാക്കേണ്ടതാണ്.

## 3-2 ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തിയുടെ ബില്ലിൽ നിന്നും 5% കുറവ് ചെയ്തില്ല. നഷ്ടം 66099 രൂപ

ജി.ഒ (പി)30/2016 ഫിൻ തീ. 29.02.2016 പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ് നൽകാമെന്നും, ആവശ്യമായ നികുതികൾ ഗുണഭോക്തൃ സമിതികളിൽ നിന്നും ഈടാക്കണമെന്നും ഉത്തരവായിട്ടുള്ളതാണ്. PRICE സോഫ്റ്റ്വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ 7.5% ഓവർഹെഡ് ചാർജ് ഉൾപ്പെട്ടിട്ടുണ്ട്. 01.07.2017 മുതൽ GST നിലവിൽ വന്നിട്ടുള്ളതിലാൽ 5% VAT ഈടാക്കേണ്ടതില്ലെന്നും 5% തുക കുറവ് ചെയ്തതിനു ശേഷം തുക അനുവദിച്ചാൽ മതിയെന്നും കേരള തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ

കേരള തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അയച്ച നം.ഡിബി3-9058/17/സിഇ/തസ്വഭവ തീ.16.03.2018 കത്തിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. 2020-21 വർഷത്തിൽ ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രവൃത്തികളിൽ നിന്നും മേൽ സൂചിപ്പിച്ച പ്രകാരം 5% തുക ബില്ലിൽ നിന്നും കുറവ് ചെയ്യാതെ തുക അനുവദിച്ചതായി കാണുന്നു. മാത്രമല്ല, IT 2% നിരക്കിലും WF 1 % നിരക്കിലും കുറവ് ചെയ്യേണ്ടതിന് പകരം 0.1 % നിരക്കിലാണ് കുറവ് ചെയ്തിട്ടുള്ളത്. കൂടാതെ, 250000 മുകളിലുള്ള ബിൽ തുകക്ക് 2 % TDS ഈടാക്കണമെന്ന നിർദ്ദേശവും പാലിച്ചിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

പ്രവൃത്തി: ചുങ്കത്തറ CHC അറ്റകുറ്റപ്പണികൾ, 100/20

അടങ്കൽ: 1500000 രൂപ (MGNR)

കൺവീനർ: ശ്രീ അബ്ദുൽ ജലീൽ (M O)

കരാർ: 23/17-18/2-11-17

അളവ് പുസ്തകം: 8/18-19, NIL/18-19

ചെലവ്: 1321988രൂപ

ബിൽ നംപർ 2/19-20/15-5-19

നൽകിയ തുക:

മൂല്യനിർണ്ണയം 1321988

(-) IT 0.1% 1322

(-) WF 0.1% 1322

കൺവീനർക്ക്: 1319344രൂപ

നൽകാവുന്ന തുക:

മൂല്യനിർണ്ണയം 1321988

(-) OH 5% 66099

ബാക്കി 1255889

(-) IT 2 % 25118

(-) WF 1% 12559

(-) CGST 1% 12559

(-) SGST 1% 12559

കൺവീനർക്ക്: 1193094

ട്രഷറിയിൽ നിന്ന് പിൻവലിക്കേണ്ട തുക: 1255889

ട്രഷറിയിൽ നിന്ന് പിൻവലിച്ച തുക: 1321988

അധികം പിൻവലിച്ച തുക: 66099

| അധികം നൽകിയ തുകയുടെ വിശദാംശം | | | |
|---|---|---|---|
| ഇനം | നൽകിയ തുക | നൽകേണ്ട തുക | അധികം |
| കൺവീനർ | 1319344 | 1193094 | 126250 |
| I T | 1322 | 25118 | (-)23796 |
| KBOCWWF | 1322 | 12559 | (-)11237 |
| CGST | 00 | 12559 | (-)12559 |
| SGST | 00 | 12559 | (-)12559 |
| | | ആകെ | 66099 |

കൺവീനർക്ക് അധികം നൽകിയ 126250 രൂപ കൺവീനറിൽ നിന്നീടാക്കേണ്ടതും ആയത് മേൽ പ്രകാരം അതാത് ഫണ്ടുകളിൽ അടവാക്കുകയും ചെയ്യേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 1/28-1-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ:
ട്രഷറിയിൽ നിന്ന് അധികം പിൻവലിച്ച 66099 രൂപ കൺവീനറിൽ നിന്നോ അല്ലാത്ത പക്ഷം പ്രവൃത്തിയുടെ

അവസാന ബിൽ അനുവദിച്ച അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് സർചാർജ് നടപടിയിലൂടെ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. വിവിധ നികുതിയിനത്തിലുള്ള 60151 രൂപ ഈ പ്രവൃത്തിയുടെ കൺവീനറിൽ നിന്നീടാക്കി അതാത് ഫണ്ടിൽ അടവാക്കേണ്ടതുമാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 27.01.2022 മുതൽ 28.01.2022 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം.

ഇല്ല.

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഇല്ല.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

ഇല്ല.

### 4-5 വായ്പ /വായ്പ തിരിച്ചടവ്.

ഇല്ല.

### 4-6 സ്ഥിര നിക്ഷേപങ്ങൾ.

ഇല്ല.

### 4-7 ഓഡിറ്റ് റിക്കവറി.

ഇല്ല.

### 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 33 | 2004-05 | 33 | രേഖകൾ ലഭ്യമാക്കാത്തത് | എൽ.എഫ്.എ.സി.(11-16) – 3-ാമത് റിപ്പോർട്ട് പ്രകാരം പരിശോധനാകുറിപ്പ് നൽകി |
| 2005-06 | 3(1) | 2007-08 | 3(1) | മുൻകൂർ നൽകി പ്രവൃത്തി പൂർത്തീകരിച്ചില്ല | 4/14-ൽ പ്രാദേശിക പരിശോധന നടത്തി തുക അടവാക്കി |

### 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

ഇല്ല.

### 4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 6,31,70,205 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 4,88,84,067 |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 89,092 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 31,38,467 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | 0 | 11497<br>11496 | ശ്രീ. അലി ഫൈസൽ.കെ.ടി, അസിസ്റ്റന്റ് എഞ്ചിനീയർ<br>ശ്രീ.മുരളീകൃഷ്ണൻ.സി.ആർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-2 | 0 | 66099 | ശ്രീ.അലി ഫൈസൽ.കെ.ടി, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 0 | 89092 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 24,08,837 | ശ്രീമതി. ജയഗീത, സി.ഡി.പി.ഒ |
| 1-22 | 186502 | ശ്രീ. അലി ഫൈസൽ.കെ.ടി, അസിസ്റ്റന്റ് എഞ്ചിനീയർ. |
| 1-26 | 5,43,128 | ശ്രീ.രാജീവ്.സി, സെക്രട്ടറി |
| ആകെ | 31,38,467 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.മുരളീകൃഷ്ണൻ.സി.ആർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | എൽ.ഐ.ഡി&ഇ.ഡബ്ല്യു വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് | തിരുവോണം വീട്, ചെറുകര.പി.ഒ, മലപ്പുറം – 679340 |
| ശ്രീ.അലി ഫൈസൽ.കെ.റ്റി, അസിസ്റ്റന്റ് എഞ്ചിനീയർ | എൽ.ഐ.ഡി&ഇ.ഡബ്ല്യു വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് | കുത്താർതൊടി വീട്, വേങ്ങൂർ.പി.ഒ, കീഴാറ്റൂർ, മലപ്പുറം – 679325 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം. |
|---|---|---|
| 1999-2000 | എൽ.എഫ്.എം.4/1797/2003/23-11-2004 | 6 |
| 2001-02 | എൽ.എഫ്.എം.4/1459/14(3) തി.08.12.2014 | 8 |

| | | |
|---|---|---|
| 2003-04 | എൽ.എഫ്.എം.4/1459/14(5) തി.08.12.2014 | 10 |
| 2004-05 | എൽ.എഫ്.എം.4/1459/14(6) തി.08.12.2014 | 2 |
| 2005-06 | എൽ.എഫ്.എം.4/1459/14(7) തി.08.12.2014 | 4 |
| 2006-07 | എൽ.എഫ്.എം.4/1459/14(8) തി.08.12.2014 | 6 |
| 2007-08 | എൽ.എഫ്.എം.4/1459/14(9) തി.08.12.2014 | 43 |
| 2008-09 | എൽ.എഫ്.എം.4/1459/14(10) തി.08.12.2014 | 10 |
| 2009-10 | എൽ.എഫ്.എം.4/1459/14(11) തി.08.12.2014 | 14 |
| 2010-11 | എൽ.എഫ്.എം.4/2488/11 തി.05.01.2011 | 14 |
| 2011-12<br>2012-13 | എൽ.എഫ്.എം.4/230/14 തി.29.10.2014 | 19 |
| 2013-14 | എൽ.എഫ്.എം.4/2458/14 തി.04.11.2014 | 4 |
| 2014-15 | എൽ.എഫ്.എം.4/2507/15 തി.13.11.2015 | 6 |
| 2015-16 | കെ.എസ്.എ.എം.പി.എം4/518/17 തി,30.032017 | 11 |
| 2016-17 | കെ.എസ്.എ.എം.പി.എം4/2483/17 തി.30.11.2017 | 13 |
| 2017-18 | കെ.എസ്.എ.എം.പി.എം4/2820/18 തി.24.01.2018 | 15 |
| 2018-19 | കെ.എസ്.എ.എം.പി.എം.4/16/2020 തി.06.02.2020 | 13 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്